ജ്ഞാനം വിശുദ്ധം പരമാർത്ഥമേകമനന്തരം ത്വ ബഹിർ ബ്രഹ്സത്യം
പ്രത്യക്പ്രശാന്തം ഭഗവച്ഛബ്ദസംജ്ഞം യദ്വാസുദേവം കവയോ വദന്തി (5-12-11)
രഹുഗണൈ തത്തപസാ നയാതി ന ചേജ്യയാ നിർവ്വപണാദ് ഗൃഹാദ്വാ
നച്ഛന്ദസാ നൈവ ജലാഗ്നി സൂരൈർവ്വിനാ മഹത്പാദരജോƒഭിഷേകം (5-12-12)

രഹുഗണൻ പറഞ്ഞു: "അല്ലയോ ദിവ്യനായ മഹാത്മാവേ, അങ്ങ് ആത്മസാക്ഷാൽക്കാരം നേടിയ യോഗിവര്യൻ തന്നെ. അവിടുത്തെ ചുണ്ടുകളിൽനിന്നു വീഴുന്ന അമൃതസമാനമായ വാക്കുകൾ എനിക്ക് വലിയ സമാധാനം തരുന്നു. ആത്മാവിനെപ്പറ്റി എനിക്കുണ്ടായിരുന്ന അറിവ് തെറ്റായിരുന്നു വെന്ന് എനിക്കിപ്പോൾ ബോദ്ധ്യമായി. എങ്കിലും അങ്ങയുടെ പ്രസ്താവനയുടെ അർത്ഥം മുഴുവനായി ഗ്രഹിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഇഹലോകലൗകീകതയുടെ തലത്തിൽവെച്ചു നോക്കുമ്പോൾ കർമ്മങ്ങൾ ആപേക്ഷികമായി സാധുതയുള്ളതാണെങ്കിലും അവയ്ക്കവയുടെ ശരിയായ ഉൺമയെ തേടുന്ന പരീക്ഷണങ്ങളെ ജയിക്കാൻ കഴിയില്ല എന്നു അങ്ങു പറഞ്ഞുവല്ലോ. "

ഭരതൻ പറഞ്ഞു: "രാജൻ, ഭൂമിയിലെ എല്ലാ ശരീരങ്ങളും ഭൂമിയാൽത്തതന്നെ നിർമ്മിതങ്ങളാണെന്ന് മനസ്സിലാക്കിയാലും. ഭൂമിയുടെ ഒരു കഷണം പല്ലക്കിനു മുകളിൽ. മറ്റു കഷണങ്ങൾ പല്ലക്കു ചുമക്കാൻ. ഇങ്ങിനെ, കേവലമായ മൺകട്ടയാണെങ്കിലും പല്ലക്കിനു മുകളിൽ കയറിയിരുന്ന് താനൊരു രാജാവാണെന്ന് വൃഥാ അഭിമാനിച്ച്, നിങ്ങളെ ചുമന്നു കൊണ്ടുനടക്കാൻ പണിയേൽപ്പിച്ച പാവങ്ങളോട് നിങ്ങൾ മോശമായ രീതിയിൽ പെരുമാറുന്നു. അവരോട് സഹതാപം തോന്നേണ്ടുന്നതിനു പകരം അവരെ നിന്ദിക്കുന്നു. ഇഹലോകത്തിലെ കർമ്മങ്ങളുടെ നിജാവസ്ഥയെപ്പറ്റിയുള്ള തെറ്റിദ്ധാരണ നീക്കാൻ, എല്ലാ ജീവജാലങ്ങളും ഭൂമിയുടെ തന്നെ ഉൽപ്പന്നങ്ങളാണെന്ന് മനസ്സിലാക്കിയാൽ മതി. അതേ മണ്ണിലേക്ക് തന്നെ, തങ്ങൾ ചെയ്ത എല്ലാ കർമ്മങ്ങളുമായി അവസാനം എല്ലാവരും മടങ്ങുകയും ചെയ്യും. ഈ ഭൂമിതന്നെ അതിസൂക്ഷ്മമായ അണുക്കളാൽ നിർമ്മിതമത്രേ. ഈ അണുക്കളുടെ വിവിധതരത്തിലുള്ള സങ്കലനത്തെപ്പറ്റി നമ്മൾ നിയമതത്വങ്ങൾ ഊഹിച്ചുണ്ടാക്കി, വസ്തു, ദ്രവ്യം ഇവയുടെ ഉൽപ്പത്തിയെപ്പറ്റി വിശദീകരണങ്ങൾ നൽകുന്നു. കാരണം, നമ്മുടെ അന്വേഷണബുദ്ധിക്ക് ഇത്തരത്തിലുള്ള വിശദീകരണങ്ങൾ ആവശ്യമാണ്. ഇവയെല്ലാം അജ്ഞതയുടെ ഫലമത്രേ. മെലിഞ്ഞത്, തടിച്ചത്, ചെറുത്, വലുത്, ചരം, അചരം, വസ്തു, പ്രകൃതി, സമയം, കർമ്മം തുടങ്ങിയവയെക്കുറിച്ചെല്ലാമുള്ള വിശദീകരണങ്ങളും നിയമങ്ങളും വാസ്തവത്തിൽ അജ്ഞതാജന്യമാണ്. കാരണം ഇവയെല്ലാം ദ്വന്ദതയെയാണല്ലോ കാണിക്കുന്നത്.

ശരിയായ സത്യമെന്തെന്നാൽ, പരമബോധം മാത്രമെ നിലനിൽക്കുന്നതായുള്ളൂ. അതിന് അകവും പുറവും ഇല്ല. തികച്ചും ശാന്തവും പരിപൂർണ്ണവുമാണത്. ഭഗവാൻ എന്നറിയപ്പെടുന്നതും, വാസുദേവനെന്ന് ഋഷികൾ വിളിക്കുന്നതും അതുതന്നെയാണ്. ഇതറിയാൻ തപസ്സനുഷ്ഠിച്ചിട്ടോ യാഗകർമ്മങ്ങൾ നടത്തിയിട്ടോ കാര്യമില്ല. ഗൃഹസ്ഥജീവിതം ഉപേക്ഷിച്ചതുകൊണ്ടോ വേദപാഠങ്ങൾ ഉരുവിട്ടതുകൊണ്ടോ ഫലമില്ല. ജലം, അഗ്നി, സൂര്യൻ എന്നിവയെ പൂജിച്ചതുകൊണ്ടും ഫലമില്ല. എന്നാൽ ദിവ്യരും മഹാത്മാക്കളുമായ യോഗിവര്യന്മാരുടെ പാദരേണുക്കളാൽ പരിപാവനമാക്കപ്പെട്ടവർ, അവരുടെ സാമീപ്യഗുണത്താൽ ലൗകീകത നശിച്ച് ഭഗവൽമഹത്വങ്ങളും, അവതാരകഥകളും, അപദാനങ്ങളും പാടുന്നതിലൂടെ മാത്രമെ അജ്ഞത നീങ്ങുകയുള്ളൂ. ഞാൻ, പൂർവ്വജന്മത്തിൽ ഭരതൻ എന്ന പേരായ ഒരു രാജാവയിരുന്നു. ഒരു മാൻപേടയോടുള്ള മമതയാൽ അടുത്ത ജന്മത്തിൽ മാനായി ജനിച്ച എനിക്ക് ഭഗവൽകൃപയാൽ ആത്മബോധമുണ്ടായിരുന്നതു കൊണ്ട് ദിവ്യന്മാരുടെ സഹവാസവും ഭഗവൽപൂജയും ലഭ്യമായി. മൃഗമായിരുന്നുവെങ്കിലും എനിക്കെല്ലാം ഓർമ്മയുണ്ടായിരുന്നു. ഈ ജന്മത്തിൽ എന്റെ ഉൺമയെ മറച്ചുകൊണ്ട് ഞാൻ നടക്കുകയാണ്. രാജാവേ, ദിവ്യരും മഹത്തുക്കളുമായവരുടെ സത്സംഗം വഴി, വിജ്ഞാനത്തിന്റെ വാൾമുനയാൽ ലൗകീകതയുടെ കെട്ടുപാടുകൾ അറുത്തു കളഞ്ഞാലും.